പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1817 **26-10-2026-ൽ മറുപടിയ്ക്ക്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത് സുഗമവും സുതാര്യവുമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതി സി എം ഒ പോർട്ടൽ മുഖേന സുഗമവും സുതാര്യവുമായി നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പണം മുതൽ തുക അനുവദിക്കൽ വരെയുള്ള എല്ലാ നടപടികളും പൂർണ്ണമായും ഓൺലൈൻ ആയിട്ടാണ് ചെയ്യുന്നത്. അപേക്ഷകർക്ക് നേരിട്ടോ ഓൺലൈനായോ അപേക്ഷ നൽകാവുന്നതാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് DBT സംവിധാനം മുഖേനയാണ് തുക വിതരണം ചെയ്യുന്നത്.

ഒന്നിലധികം അപേക്ഷ സമർപ്പിച്ചാൽ അവ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം, അപേക്ഷയുടെ ഓരോ നീക്കവും അപേക്ഷകനെ അറിയിച്ചുകൊണ്ടുള്ള SMS സംവിധാനം, അപേക്ഷകന് ലഭ്യമായ ഡോക്കറ്റ് നമ്പർ ഉപയോഗിച്ച് ഏത് സമയത്തും cmo.kerala.gov.in എന്ന വെബ് സൈറ്റ് വഴി അപേക്ഷയുടെ തൽസ്ഥിതി അറിയാനുള്ള സംവിധാനം, അപേക്ഷ സമർപ്പണത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, MLA/MP, അക്ഷയ കേന്ദ്രങ്ങൾ എന്നിവർക്കായി പ്രത്യേക ലോഗിൻ സംവിധാനം, പൊതുജനങ്ങൾക്ക് സ്വന്തമായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി പൊതുവായ ലോഗിൻ സംവിധാനം, അപേക്ഷയുടെ തീർപ്പ് നിരീക്ഷിക്കാനായി താലൂക്ക്, കളക്ടറേറ്റ്, റവന്യൂ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നിവിടങ്ങൾ ഡാഷ് ബോർഡ് സംവിധാനം, അപേക്ഷയിൽ ഏതെങ്കിലും രേഖകളുടെ കുറവുണ്ടായാൽ അപേക്ഷകനെ ആ വിവരം അറിയിക്കുന്നതിനായി വില്ലേജ് തലത്തിൽ SMS സംവിധാനം, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന ഡോക്ടറുടെ ആധികാരിത പരിശോധിക്കാനായി ഡോക്ടർമാരുടെ രജിസ്ട്രേഷൻ മെഡിക്കൽ കൗൺസിൽ ഡാറ്റാബേസുമായി ബന്ധിപ്പിച്ച് വില്ലേജ് തലത്തിൽ പരിശോധന നടത്താനുള്ള സംവിധാനം തുടങ്ങിയ സവിശേഷതകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാസംതോറും വില്ലേജ് - താലൂക്ക് - ജില്ലാ തലത്തിലും സർക്കാർ തലത്തിലും അവലോകന യോഗം ചേർന്ന് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുകയും തുടർനടപടികൾക്കായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

(ബി) നിലവിലെ സർക്കാർ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

മറുപടി:

ഈ സർക്കാർ അധികാരത്തിൽ വനത്തിന് ശേഷം 22.10.2026 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 192.77 കോടി രൂപ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്.

(സി) അർഹരായവർക്ക് സഹായധനം അനുവദിക്കുന്നതിന് അവലംബിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: വെള്ളപ്പൊക്കം, വരൾച്ച, ചുഴലിക്കാറ്റ്, തീപിടിത്തം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കും, മനുഷ്യ വന്യമൃഗ സംഘർഷത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, കിഡ്നി, കരൾ, ബ്രെയിൻ, ഹൃദയ സംബന്ധമായ രോഗങ്ങൾ, അപൂർവ്വ രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ മറ്റ് ഗുരുതര രോഗങ്ങൾ എന്നിവ ബാധിച്ചവർക്കും അപകടം മൂലമുണ്ടാകുന്ന ചികിത്സയ്ക്കും അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്കും കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിവരുന്നു. വെള്ളപ്പൊക്കം, വരൾച്ച, ചുഴലിക്കാറ്റ്, തീപിടിത്തം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളിൽ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചു വരുന്നത്.

ഗുരുതര രോഗങ്ങൾ, അപകടമരണം എന്നിവയ്ക്ക് ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ, ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തിയ 6 മാസത്തിനകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ബില്ലുകൾ, അപേക്ഷകന്റെ ആധാറിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, വാർഷിക വരുമാന പരിധി സംബന്ധിച്ച രേഖകൾ, അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ എന്നിവ ഉൾപ്പടെ അടുത്തുള്ള അക്ഷയ കേന്ദ്രം വഴി അപേക്ഷകൾ സി.എം.ഡി.ആർ.എഫ് ഓൺലൈൻ പോർട്ടൽ മുഖാന്തിരം സമർപ്പിക്കാവുന്നതാണ്. കിഡ്നി, കരൾ, ബ്രെയിൻ, ഹൃദയ സംബന്ധമായ രോഗങ്ങൾ, അപൂർവ്വ രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ മറ്റ് ഗുരുതര രോഗങ്ങൾ എന്നിവ ബാധിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ട്. അപേക്ഷകന്റെ കുടുംബവാർഷിക വരുമാന പരിധി 2,00,000/- രൂപയായിരുന്നത് 16.10.2026-ലെ സ.ഉ.(കൈ)നം.296/2026/റവ പ്രകാരം 3 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അപകടമരണ കേസുകളിൽ അപകടമരണത്തിന് ഇരയായ ആളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, പോലീസ് എഫ്.ഐ.ആർ, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും തീപിടുത്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായത്തിനായി ഫയർ ഫോഴ്സ് സ്റ്റേഷൻ ഓഫീസറുടെ റിപ്പോർട്ട്, പോലീസിന്റെ റിപ്പോർട്ട്, ജില്ലാ കളക്ടറുടെ ശിപാർശ സഹിതമുള്ള റിപ്പോർട്ട് എന്നിവയും ആവശ്യമാണ്.

സി.എം.ഡി.ആർ.എഫ് പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസർ, തഹസിൽദാർ, ജില്ലാ കളക്ടർ, തുടങ്ങി വിവിധ തലങ്ങളിൽ പരിശോധന നടത്തി കളക്ടമാർക്ക് അനുവദിക്കാവുന്ന തുക അനുവദിക്കുകയും, കൂടുതൽ തുക ആവശ്യമായി വരുന്ന അപേക്ഷകൾ സർക്കാരിൽ റവന്യൂ (ഡി.ആർ.എഫ്) വകുപ്പുകളിൽ പരിശോധിച്ച് റവന്യൂ സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ ഓഫീസിൽ നിന്നും സമയബന്ധിതമായി ധനസഹായം നൽകിവരുന്നു. 16.10.2026-ലെ സ.ഉ.(കൈ)നം.296/2026/റവ പ്രകാരം 25,000/- രൂപ വരെ ജില്ലാ കളക്ടർക്കും, 50,000/- രൂപ വരെ റവന്യൂ സ്പെഷ്യൽ സെക്രട്ടറിയ്ക്കും, 1,00,000/- രൂപ വരെ റവന്യൂ വകുപ്പ് മന്ത്രിയ്ക്കും, 5,00,000/- രൂപ വരെ മുഖ്യമന്ത്രിയ്ക്കും ധനസഹായം അനുവദിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ